**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3843** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്കും ജീവിതശൈലീ രോഗങ്ങൾക്കും പരിഹാരം കാണുന്നതിലേക്കായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്കും ജീവിതശൈലീ രോഗങ്ങൾക്കും പരിഹാരം കാണുന്നതിലേക്കായി വിവിധ പദ്ധതി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ 09.12.2024 തീയതി മുതൽ നിയമനം നടത്തിയിട്ടുണ്ട്.<br><br><u>ടെലിമെഡിക്കൽ കൺസൾട്ടേഷൻ</u><br><br>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കായി നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതിയാണ് "ഓൺലൈൻ മെഡിക്കൽ കൺസൾട്ടേഷൻ".<br><br>ഈ പദ്ധതിയിലൂടെ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും പുറമെ ജീവനക്കാർക്ക് താഴെ പറയുന്ന സേവനങ്ങൾ കെ.എസ്.ആർ.ടി.സി. മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.<br><br>1. വിദഗ്ധ വൈദ്യോപദേശം<br>2. ആരോഗ്യസംബന്ധമായ സംശയനിവാരണം<br>3. ആരോഗ്യ നുറുങ്ങുകൾ<br>4. തൊഴിൽ ജന്യരോഗങ്ങൾ<br>5. ജീവിത ശൈലി രോഗങ്ങൾ<br>6. മെഡിക്കൽ പരിശോധനകൾ<br>7. മരുന്നുകളുടെ ഉപയോഗക്രമം<br>8. നൂതന ചികിത്സാരീതികൾ<br>9. മദ്യപാനം/പുകവലി ഇവയെ കുറിച്ചുള്ള അവബോധം എന്നിവ www.keralartc.com എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള "ഓൺലൈൻ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കൺസൾട്ടേഷൻ" എന്ന ലിങ്കിലൂടെ വളരെ ലളിതമായ രീതിയിൽ ജീവനക്കാർക്ക് മെഡിക്കൽ കൺസൾട്ടേഷന് ബുക്ക് ചെയ്ത് ഡോക്ടറുടെ സേവനം ലഭ്യമാകുന്നതാണ്. |
| (ബി) | ഇതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ ഒരു മെഡിക്കൽ ലാബ് കളക്ഷൻ സെന്റർ (ബി.പി., ഷുഗർ എന്നിവ പരിശോധിക്കുന്നതിലേയ്ക്ക്) ആരംഭിച്ചിട്ടുണ്ട്. ടി കളക്ഷൻ സെന്ററിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കു സ്പെഷ്യൽ ഡിസ്കൗണ്ട് റേറ്റ് നൽകിവരുന്നുണ്ട്.<br><br>രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ Fully Equipped ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ രോഗനിർണ്ണയ പരിശോധനകളുടെ മെഡിക്കൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനെ ലബോറട്ടറി ഡയഗ്നോസ്റ്റിക്ക് കേന്ദ്രമായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്.<br><br>രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ ഒരു മെഡിക്കൽ ലാബ് കളക്ഷൻ സെന്റർ (ബി.പി., ഷുഗർ എന്നിവ പരിശോധിക്കുന്നതിലേയ്ക്ക്) ആരംഭിച്ചിട്ടുണ്ട്. ടി കളക്ഷൻ സെന്ററിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കു സ്പെഷ്യൽ ഡിസ്കൗണ്ട് റേറ്റ് നൽകിവരുന്നുണ്ട്.<br><br>രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ Fully Equipped ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ